**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 254** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്താൻ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 1. സ്മാർട്ട് പി.ഡി.എസ്. സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി റേഷൻ കാർഡ് മാനേജ്മെന്റ് സിസ്റ്റം (RCMS) നവീകരിക്കുകയും വിവിധ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

2. ഇ-പോസ് (e-PoS) സംവിധാനവും ആധാർ അധിഷ്ഠിത ബയോമെട്രിക്/ഓതന്റിക്കേഷൻ സംവിധാനവും ഉപയോഗിച്ച് റേഷൻ വിതരണം കൂടുതൽ സുതാര്യവും കൃത്യവുമാക്കിയിട്ടുണ്ട്.

3. One Nation One Ration Card (ONORC) പദ്ധതി നടപ്പിലാക്കിയതു വഴി സംസ്ഥാനത്തിനകത്തും മറ്റ് സംസ്ഥാനങ്ങളിലും അർഹരായ ഗുണഭോക്താക്കൾക്ക് പോർട്ടബിലിറ്റി മുഖേന റേഷൻ വിഹിതം കൈപ്പറ്റുന്നതിനുള്ള സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്.

4. റേഷൻ കടകളിലെ സ്റ്റോക്ക്, വിൽപ്പന, വിതരണം തുടങ്ങിയ വിവരങ്ങൾ ഡിജിറ്റൽ സംവിധാനത്തിലൂടെ നിരീക്ഷിക്കുന്നതിനും, ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി ഓൺലൈൻ മോണിറ്ററിംഗ് സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ട്.

5. റേഷൻ കടകളുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കുറഞ്ഞ വിൽപ്പനയുള്ളതും സാമ്പത്തികമായി പ്രായോഗികമല്ലാത്തതുമായ കടകളെ സംബന്ധിച്ച് പരിശോധന നടത്തി, ആവശ്യമായിടത്ത് കടകളുടെ പുനഃക്രമീകരണം നടത്തി വരുന്നു.

6. റേഷൻ കടകളിൽ ക്രമക്കേടുകളും അഴിമതിയും തടയുന്നതിനായി വിജിലൻസ് പരിശോധനകളും ഫീൽഡ് പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്.

7. റേഷൻ സാധനങ്ങളുടെ ഗുണനിലവാരം, അളവ്, സമയബന്ധിതമായ വിതരണം എന്നിവ ഉറപ്പാക്കുന്നതിനായി വിതരണ ശൃംഖലയിൽ വിവിധ തലങ്ങളിൽ പരിശോധനയും നിരീക്ഷണവും നടത്തിവരുന്നു.

8. ഗുണഭോക്താവിന് ലഭിക്കുന്ന അളവിലും വിതരണ രേഖകളിലും കൂടുതൽ സുതാര്യത ഉറപ്പാക്കുന്നതിനായി റേഷൻ കടകളിൽ ഇലക്ട്രോണിക് തൂക്കയന്ത്രവും ഇ-പോസ് സംവിധാനവും ബന്ധിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

9. റേഷൻ കടകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി റേഷൻ കടകളെ K-Store ഉൾപ്പെടെയുള്ള വിവിധ സേവനങ്ങളുമായി വിപുലപ്പെടുത്തുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

10. റേഷൻ കാർഡുകളുടെ ശുദ്ധീകരണം, ആധാർ സീഡിംഗ്, അർഹത പരിശോധന, പുതിയ മുൻഗണനാ റേഷൻ കാർഡുകളുടെ വിതരണം തുടങ്ങിയ നടപടികളിലൂടെ അർഹരായവർക്ക് ആനുകൂല്യം ഉറപ്പാക്കുകയും അനർഹരായവരെ ഒഴിവാക്കുകയും ചെയ്യുന്നു.

11. റേഷൻ കടകളിലേക്ക് ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം (Doorstep Delivery) കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിതരണത്തിലെ കാലതാമസവും കൈകാര്യം ചെയ്യൽ നഷ്ടവും കുറയ്ക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

12. പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കുന്നതിനും സമയബന്ധിതമായി പരിഹരിക്കുന്നതിനും പരാതി പരിഹാര സംവിധാനങ്ങളും നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്.

അവശ്യ സാധന വിലവർദ്ധനവ് പിടിച്ച് നിർത്തുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ 13 ഇനം സബ്സിഡി സാധനങ്ങൾ സപ്ലൈകോ വില്പനശാലകളിലൂടെ വിതരണം ചെയ്ത് വരുന്നുണ്ട്. സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 35 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, മഞ്ഞൾപ്പൊടി, ഉപ്പ്, ആട്ട എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻ ഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതുവിപണി വിലയേക്കാൾ ഏകദേശം 20 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP യേക്കാൾ / മാർക്കറ്റ് വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഈ നടപടി മൂലം പൊതുവിപണിയിലുണ്ടായേക്കാവുന്ന വിലക്കയറ്റം സാധാരണക്കാരിൽ അധിക ബാധ്യത ഏൽപ്പിക്കുന്നില്ലായെന്നതിൽ ഉറപ്പ് വരുത്തുന്നതിന് സാധിക്കുന്നുണ്ട്.

സർക്കാർ സംവിധാനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ട ഉത്സവ കാലയളവുകളിൽ (ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ) നിലവിലുള്ള വില്പനശാലകൾക്ക് പുറമെ പ്രത്യേക ഫെയറുകൾ സപ്ലൈകോ നടത്താറുണ്ട്.

**(ബി)** വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പുതിയ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി വകുപ്പിലെ ജില്ലാ, താലൂക്ക് തല ഉദ്യോഗസ്ഥർ പൊതുവിപണിയിൽ നിരന്തര പരിശോധന നടത്തി അവശ്യസാധനങ്ങളുടെ വില, വിലവിവരപ്പട്ടികയുടെ പ്രദർശനം, അമിതവില ഈടാക്കൽ, പൂഴ്ത്തിവയ്പ്, കരിഞ്ചന്ത എന്നിവ പരിശോധിക്കുകയും ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്യുന്നു. ഉത്സവകാലങ്ങളിൽ ലീഗൽ മെട്രോളജി, ഭക്ഷ്യസുരക്ഷാ വകുപ്പ് എന്നിവയുടെ സഹകരണത്തോടെ പ്രത്യേക സംയുക്ത സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന ശക്തമാക്കുകയും അവശ്യസാധനങ്ങളുടെ വിലയും ലഭ്യതയും നിരീക്ഷിച്ച് കൃത്രിമ വിലക്കയറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

പൊതുവിപണിയിലെ വിലനിലവാരം നിരീക്ഷിക്കുന്നതിനും വിലക്കയറ്റത്തിന്റെ കാരണങ്ങൾ പഠിക്കുന്നതിനുമായി Centre for Price Research Kerala മുഖേന വിലശേഖരണവും പഠനങ്ങളും നടത്തിവരുന്നു. സപ്ലൈകോ വഴി സബ്സിഡിയോടെ വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ പൊതുവിപണി വില താരതമ്യം ചെയ്ത് റിപ്പോർട്ടുകൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നു. കൂടാതെ, ചീഫ് സെക്രട്ടറി അധ്യക്ഷനായ സംസ്ഥാനതല കമ്മിറ്റിയും ജില്ലാ കളക്ടർ/അഡീഷണൽ ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിലുള്ള ജില്ലാ തല സംവിധാനവും വിപണിവില അവലോകനം ചെയ്ത് ശുപാർശകൾ സമർപ്പിക്കുന്നുണ്ട്. ഈ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ വിപണി ഇടപെടലുകൾക്കുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ഉപഭോക്തൃസൗകര്യാർത്ഥം സപ്ലൈകോയുടെ കൂടുതൽ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ നവീകരിച്ച് ഉപഭോക്തൃസൗഹൃദമാക്കുന്നതിനും നടപടികൾ സ്വീകരിക്കും. സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളുടെ സംസ്കരണവും വിപണനവും കൂടുതൽ ശാസ്ത്രീയമാക്കുന്നതിനും നെയ്യ് ഉൾപ്പെടെയുള്ള പുതിയ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ വിപണിയിലെത്തിക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ, സപ്ലൈകോ ഡിപ്പോകൾ ശാസ്ത്രീയ ഗോഡൗണുകളാക്കി മാറ്റുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

**(സി)** പൊതുവിതരണ സംവിധാനങ്ങളിലൂടെ കുടുംബശ്രീ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** വ്യവസായ വകുപ്പിനു കീഴിൽ MSME രജിസ്ട്രേഷൻ നടത്തിയിട്ടുള്ള കുടുംബശ്രീ സംരംഭങ്ങൾ ഉൽപ്പാദിപ്പിക്കുന്ന നിത്യോപയോഗ സാധനങ്ങൾ കെ-സ്റ്റോറുകൾ മുഖേന വിൽപ്പന നടത്താവുന്നതാണ്. ഭക്ഷ്യോൽപ്പന്നങ്ങൾ വിൽപ്പന നടത്തുന്നതിന് FSSAI ലൈസൻസ് ഉണ്ടായിരിക്കണം. MSME രജിസ്ട്രേഷൻ നമ്പർ, FSSAI രജിസ്ട്രേഷൻ നമ്പർ, ഉൽപ്പന്നത്തിന്റെ അളവ്, ഉൽപ്പാദന തീയതി, കാലാവധി എന്നിവ പാക്കറ്റുകളിൽ രേഖപ്പെടുത്തിയിരിക്കേണ്ടതുമാണ്.

**സെക്ഷൻ ഓഫീസർ**